INDIAN SCHOOL SOHAR
SUMMATIVE ASSESSMENT-I (2015-2016)
MALAYALAM

DATE: 17-9-15 **CLASS:VIII**
TIME:60mts **MAX.MARKS:30**
NAME: **ROLL.NO**:

I. താഴെ കൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ച് ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.(5Marks)

കാട്ടിലെ രാജാവാണ് സിംഹം.ഒരിക്കൽ സിംഹം ഒരു മരച്ചുവട്ടിൽ കിടന്ന് ഉറങ്ങുകയായിരുന്നു. അപ്പോൾ ഒരു കടന്നൽ പറന്നുവന്ന് സിംഹത്തിന്റെ പുറത്തിരുന്നു.അത് സിംഹത്തെ കുത്തി വേദനിപ്പിച്ചു. സിംഹം അലറി വിളിക്കുന്നതു കേട്ടപ്പോൾ കടന്നലിനു സന്തോഷമായി. ഒരു ചെറുജീവിയായ തനിക്കുപോലും കാട്ടിലെ രാജാവിനെ വേദനിപ്പിക്കാൻ കഴിയും എന്നോർത്ത് കടന്നൽ പൊട്ടിച്ചിരിച്ചു.

1.കാട്ടിലെ രാജാവാരാണ്?
2.ആരാണ് സിംഹത്തിന്റെ പുറത്തു വന്നിരുന്നത്?
3.എപ്പോളാണ് കടന്നലിന് സന്തോഷമായത്?
4.എന്തിനാണ് കടന്നൽ പൊട്ടിച്ചിരിച്ചത്?
5.സിംഹം എവിടെയാണ് ഉറങ്ങിയത്?

II. അർത്ഥം എഴുതുക.(2Marks)

1.വധിക്കുക 2.നീരാടി

III. പര്യായപദം എഴുതുക.(4Marks)

1.മേഘം 2.സ്ത്രീ 3.രാത്രി 4.ചന്ദ്രൻ

IV. ശൈലിയുടെ അർത്ഥം എഴുതുക.(2Marks)

1.കച്ചകെട്ടുക 2.എല്ല് മുറിയെ പണിയെടുക്കുക

V.വിപരീതപദം എഴുതുക.(1Marks)

1.അനാഥ 2.അപരാധി

VIഎതിർലിംഗം എഴുതുക.(1Marks)

1.സ്ത്രീ 2.ചക്രവർത്തി

VIIബ്രാക്കറ്റിൽ നിന്നും ശരിയായ ഉത്തരം തെരെഞ്ഞെടുത്ത് എഴുതുക.(6Marks)

1. 'അനിലൻ' എന്ന പദത്തിന്റെ അർത്ഥം എന്ത്?
   (കാറ്റ് , തീ , കൂട്ടുകാരൻ)
2. 'അഹം' എന്ന പദത്തിന്റെ അർത്ഥം എന്ത്?
   (ഞാൻ, ഉൾവശം, തീ)

3.രാമുവും രാജുവും കൂട്ടുകാരാണ്. ..... എട്ടാം തരത്തിലാണ് പഠിക്കുന്നത്.
(അവൻ, അവർ , ഞങ്ങൾ)

4. വെളുത്ത കുട്ടി എന്നതിൽ വെളുത്ത എന്ന പദം ഏത് വിശേഷണവിഭാഗമാണ്?
(ക്രിയാവിശേഷണം, വിശേഷണ വിശേഷണം, നാമവിശേഷണം)

5.ചൂട് എന്ന പദം ഏത് നാമവിഭാഗമാണ്?
(ഗുണനാമം, ക്രിയാനാമം, ദ്രവ്യനാമം)

6.വെള്ളം എന്ന പദം ഏത് നാമവിഭാഗത്തിൽപ്പെടുന്നു?
(മേയനാമം,സർവനാമം,സമൂഹനാമം)

VIIIഉത്തരമെഴുതുക.(4Marks)

1.രണ്ടാമത്തെ സ്ത്രീയ്ക്ക് എന്തു ശിക്ഷ നല്കാനാണ് ബീർബൽ കല്പിച്ചത്?
2.മഴവില്ലെ നീ മായരുതേ എന്ന കവിത എഴുതിയതാരാണ്?
3.ആദ്യത്തെ സ്തീ ബോധംകെട്ടു വീഴാൻ കാരണമെന്ത്?
4.വയലാർ രാമവർമ്മയുടെ ആദ്യ കവിത ഏത്?

IX.താഴെ തന്നിരിക്കുന്ന ഏതെങ്കിലും ഒരു വിഷയത്തെ കുറിച്ച് ഒരു പുറത്തിൽ കവിയാതെ ഉപന്യസിക്കുക.(5Marks)

1.നമ്മുടെ രാഷ്ട്രപിതാവ് അല്ലെങ്കിൽ ഓണം